**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 132** **30.11.2015 ന് മറുപടിയ്ക്ക്**

**എക്സൈസിൽ നിന്നുള്ള റവന്യൂ വരുമാനം**

**ചോദ്യം**

**ശ്രീ.സി.കെ സദാശിവൻ :**

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചു കൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽ നിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം എത്ര കോടിയായിരുന്നു;

(ബി) ബാറുകളും മദ്യഷോപ്പുകളും അടച്ചുപൂട്ടിയതിനുശേഷമുള്ള ഏറ്റവും ഒടുവിലത്തെ പ്രതിമാസ റവന്യൂ വരുമാനം എത്ര;

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**(ബഹു: മുഖ്യമന്ത്രി)**

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്ന 2012-13 സാമ്പത്തിക വർഷത്തിൽ വകുപ്പുതല കണക്കുകൾ പ്രകാരം ആകെ എക്സൈസ് റവന്യൂ വരുമാനം 2249.75 കോടി ആയിരുന്നു. ടി ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽ നിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം 187.48 കോടി രൂപയായിരുന്നു.

(ബി) ബാറുകളും മദ്യഷോപ്പുകളും അടച്ചുപൂട്ടിയതിനു ശേഷമുള്ള ഏറ്റവും ഒടുവിലത്തെ 2015-16 സാമ്പത്തിക വർഷത്തെ പ്രതിമാസ റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു.

| 2015-16 | റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|
| ഏപ്രിൽ | 155.67 |
| മെയ് | 209.02 |
| ജൂൺ | 142.06 |
| ജൂലൈ | 152.14 |
| ആഗസ്റ്റ് | 143.47 |
| സെപ്റ്റംബർ | 164.38 |
| ഒക്ടോബർ | 154.40 |
| 2015 ഒക്ടോബർ 31 വരെയുള്ള ആകെ വരുമാനം | 1121.14 |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസിൽ നിന്നുള്ള സർക്കാരിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; 2014-15 ൽ അത് എത്ര കോടിയാണ്; ഈ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി; ഇതിനകം ലഭിച്ചത് എത്ര ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസിൽ നിന്നുള്ള സർക്കാരിന്റെ റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|
| 2011-12 | 1888.88 |
| 2012-13 | 2249.75 |
| 2013-14 | 1931.89 |
| 2014-15 | 1778.07 |
| 2015-16 ( ഒക്ടോബർ 31 വരെ) | 1121.14 |

2014-15 സാമ്പത്തിക വർഷത്തിൽ വകുപ്പുതല കണക്കുകൾ പ്രകാരം എക്സൈസ് റവന്യൂ വരുമാനം 1778.07 കോടി രൂപയായിരുന്നു. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം 2600.66 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ പിരിഞ്ഞു കിട്ടിയത് 1121.14 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**